# നവോത്ഥാനം

## പുതുവായനയുടെ സ്വരഭേദങ്ങൾ

പ്രദീപ്കുമാർ ഇ വി
പ്രൊഫ. വി ലിസി മാത്യു

## ഉള്ളടക്കം


1. മലയാളസ്ത്രീനാടകത്തിലെ നവോത്ഥാനചുവടുകൾ 9
*ഡോ. സി. ജെസീനജോസഫ്*

2. ട്രോൾ : സൂചകങ്ങളുടെ സാഹചര്യബദ്ധതയും വിനിമയക്ഷമതയും
*ഡോ.പി.സുജാത* 22

3. സാമൂഹിക സമത്വവും സ്ത്രീകളുടെ വിദ്യാഭ്യാസവും ശിവയോഗിയുടെ വീക്ഷണത്തിൽ
*ഡോ.എം.മാധവൻ* 29

4 ബാലഭാവാഖ്യാനം ഖസാക്കിന്റെ ഇതിഹാസത്തിൽ
*ഡോ.അശ്വതി.എ.വി* 34

5 സ്വാമി വിവേകാനന്ദൻ-മഹാനായ പരിവ്രാജകൻ
*ഡോ. കെ ടി ശ്രീലത* 43

6. കഥാപ്രസംഗം-ഒരു നവോത്ഥാനകല
*ഡോ. ധന്യകീപ്പേരി* 48

7. കർഷക സമരം: നവോത്ഥാനം പൊതുബോധം
*ഡോ.സ്വപ്ന ആന്റണി* 52

8. കേരളീയ നവോത്ഥാനവും മുസ്ലിം സ്ത്രീ മുന്നേറ്റങ്ങളും
*ഫബീന.ഇ.വി* 56

9. റേഡിയോയുടെ ജനപ്രിയതയും നവകേരള നിർമ്മിതിയും
ജൈനിമോൾ.കെ.വി 62

10. കുടുംബബന്ധങ്ങളുടെ നിഴലാഴങ്ങൾ അന്തർജ്ജനത്തിന്റെ കഥകളിൽ
*വൈശാഖ്.വി* 68

11. പെരുവഴിയമ്പലം: നാട്ടുമ്പുറത്തിന്റെ ജീവിതയാത്രകൾ
*എ.വി. സത്യേഷ്കുമാർ* 73

# റേഡിയോയുടെ ജനപ്രിയതയും നവകേരള നിർമ്മിതിയും

ജൈനിമോൾ.കെ.വി

കേരളത്തിന്റെ സാമൂഹ്യസാംസ്കാരിക പുരോഗതിയിൽ വലിയ പങ്ക് വഹിച്ച മാധ്യമമാണ് റേഡിയോ. കേവലം സന്ദേശങ്ങൾ കൈമാറുന്നതിനുള്ള ഉപാധി എന്ന നിലയിൽ നിന്നും ഉയർന്ന് ഒരു ബഹുജനമാധ്യമമായി വളർന്നതിനുശേഷം സാഹിത്യ സാംസ്കാരികരംഗങ്ങളിൽ റേഡിയോ പ്രസക്തമായി. അതോടുകൂടി വിനോദത്തിനും, വിജ്ഞാനത്തിനും, വിദ്യാഭ്യാസത്തിനും ഉതകുന്ന പരിപാടികളിലൂടെ ഒരു ജനസമൂഹത്തെ സാംസ്കാരികമായി ഉയർത്തുന്ന പ്രക്രിയ എന്ന തരത്തിലേക്ക് പ്രക്ഷേപണം എന്ന പദത്തിന്റെ അർത്ഥം മാറി.

കേരളീയ നവോത്ഥാനത്തിന് അച്ചടിമാധ്യമങ്ങൾ നൽകിയിട്ടുള്ള സംഭാവനകളിൽ നിന്നും തീർത്തും വ്യത്യസ്തമായി വേണം റേഡിയോയെ വിലയിരുത്താൻ. കാരണം അച്ചടിമാധ്യമങ്ങൾ സാക്ഷരരായ ഒരു ന്യൂനപക്ഷത്തിന് മാത്രമേ ഉപകാരപ്പെടുന്നുള്ളൂ.ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് ബഹുഭൂരിപക്ഷം ജനങ്ങളും അക്കാലത്ത് നിരക്ഷരരായിരുന്നു. അതുകൊണ്ട് തന്നെ പ്രമുഖ സാഹിത്യകൃതികളെല്ലാം തന്നെ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യപ്പെട്ടപ്പോൾ അത് ജനങ്ങളുടെ മാനസിക പരിവർത്തനങ്ങളെവരെ സ്വാധീനിച്ചു. ചുണ്ടിൽ നിന്ന് ചെവിയിലേക്ക് പകർന്നു പ്രചരിച്ച ഭാരതത്തിന്റെ വാമൊഴി പാരമ്പര്യം നിലനിൽക്കുകയും പ്രക്ഷേപണ പ്രക്രിയയിലൂടെ അതിന് പുതിയ മാനം കൈവരുകയും ചെയ്തു. പ്രഭാഷണങ്ങൾ/സാഹിത്യപരിപാടികൾ റേഡിയോ നാടകങ്ങൾ/ചിത്രീകരണങ്ങൾ, നാടൻപാട്ടുകൾ, ലളിതഗാനങ്ങൾ, സംഗീത പരിപാടികൾ എന്നിവയാണ് ജനപ്രിയ റേഡിയോ പ